കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - കൊടകര ബ്ലോക്ക് പഞ്ചായത്ത് - 1995-96 മുതൽ 1997-98 വരെയുള്ള വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 39 - കൊടകര ഗവ.ഗേൾസ് ഹൈസ്കൂളിൽ പ്ലസ് ടു സ്കൂൾ കെട്ടിട നിർമ്മാണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയതിനായി 2,88,000/-രൂപ ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 529/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 25.02.2014

---

പരാമർശം:

1. കൊടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.11.12-ലെ ഡി.842/98-ാം നമ്പർ കത്ത്.
2. കൊടകര ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 26.11.11-ലെ മീറ്റിംഗിലെ 18-ാം നമ്പർ തീരുമാനം.
3. ഗ്രാമവികസന കമ്മീഷണറുടെ 31.05.13-ലെ 354/ഡി.പി3/13/സി.ആർ.ഡി നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7.01.14-ലെ എൽ.എഫ്.പി.റ്റി2/15447/13-ാം നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്ത് 1997-98 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കൊടകര ഗവ. ഗേൾസ് ഹൈസ്കൂളിൽ പ്ലസ് ടു സ്കൂൾ കെട്ടിട നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുകയുണ്ടായി. 18.09.95-ലെ സ.ഉ (അ) നം.189/95/തഭവ നമ്പർ ഉത്തരവ് പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ വകുപ്പുകളുടെ പട്ടികയിൽ പൊതുവിദ്യാഭ്യാസ വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും ബ്ലോക്ക് പഞ്ചായത്ത് അധികാരപരിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതിക്കായി 2,88,000/-രൂപ ചെലവഴിച്ച നടപടി 1995-96 മുതൽ 1997-98 വരെയുള്ള വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 39 പ്രകാരം തടസ്സപ്പെടുത്തുകയും പ്രസ്തുത ചെലവിന് സർക്കാർ അംഗീകാരം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആയതിൻ പ്രകാരം സർക്കാർ സാധൂകരണം ലഭിക്കുന്നതിലേക്കായി പരാമർശം 2-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

ഗ്രാമവികസന കമ്മീഷണറുടെ പരാമർശം 3-ലെ കത്തിലെ അഭിപ്രായത്തിന്റേയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പരാമർശം 4-ലെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റേയും ഗ്രാമവികസനകമ്മീഷണറുടെ ശുപാർശയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ

അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ കൊടകര ഗവ.ഗേൾസ് ഹൈസ്കൂളിൽ പ്ലസ് ടു സ്കൂൾ കെട്ടിട നിർമ്മാണം ഏറ്റെടുത്തു നടപ്പിലാക്കിയതിനായി 2,88,000/-രൂപ (രണ്ട് ലക്ഷത്തി എൺപ്പത്തിയെട്ടായിരം രൂപ മാത്രം) ചെലവഴിച്ച നടപടിക്ക്, ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്തു നടത്തരുതെന്ന കർശന നിർദ്ദേശത്തോടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.സി.പ്രസന്നകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, കൊടകര ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ,(എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.